Malappuram District Police

# 02/07/2018 മഞ്ചേരി

4 കിലോ കഞ്ചാവ് സഹിതം രണ്ടു പേർ പിടിയിൽ. 1. ശിഹാബ്:, വയ:33, കാഞ്ഞിരക്കാട്ടിൽ H, വള്ളുവങ്ങാട് പി.ഒ. പാണ്ടിക്കാട്. 2. സുൽഫി, വയ:27. കരിമ്പന H, എളങ്കൂർ Po, പേലെപ്പുറം എന്നിവരെയാണ് മഞ്ചേരി പോലീസ് അറസ്റ്റ് ചെയ്തത്.

മഞ്ചേരി കേന്ദ്രീകരിച്ചുള്ള പ്രൊഫഷണൽ കോളേജിലേയും വിദ്യാലയങ്ങളിലേയും വിദ്യാർത്ഥികൾക്ക് വിൽപനക്കായി കൊണ്ടുവന്ന 4 kg കഞ്ചാവുമായാണ് ഇവരെ പിടികൂടിയത്. ഒരു വർഷത്തോളമായി ഇവർ ഈ മേഖലയിൽ കഞ്ചാവ് വിതരണം ചെയ്തു വരികയായിരുന്നു. കഴിഞ്ഞ ദിവസം മഞ്ചേരി കിഴക്കേതലയിൽ വച്ച് വാഹന പരിശോധനക്കിടെ രാത്രി 12 മണിയോടെ ഇവർ സഞ്ചരിച്ച ബൈക്ക് സഹിതം പിടിയിലാവുകയായിരുന്നു. ഇവരെ ചോദ്യം ചെയ്തതിൽ പ്രദേശത്തെ ചെറുതും വലുതുമായ നിരവധി കഞ്ചാവ് കച്ചവടക്കാരെക്കുറിച്ച് വിവരം ലഭിച്ചിട്ടുണ്ട്. ഇവരെ നിരീക്ഷിച്ചുവരികയാണ്. ഇവരുടെ കൈവശത്തു നിന്നും കഞ്ചാവ് വാങ്ങുന്ന വിദ്യാർത്ഥികളെ കുറിച്ചും വിവരം ലഭിച്ചിട്ടുണ്ട്. കിലോക്ക് 10,000 രൂപയ്ക്ക് മൈസൂരിൽ നിന്നും വാങ്ങുന്ന കഞ്ചാവ് 30,000 രൂപക്കാണ് ഇവർ ഇവിടെ വിൽപ്പന നടത്തുന്നത് എന്നാണ് വിവരം. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാന്റ് ചെയ്തു. മഞ്ചേരി IP എൻ.ബി. ഷൈജു, SI അബ്ദുൽ ജലീൽ. കെ എന്നിവരുടെ നേതൃത്വത്തിൽ ഉള്ള സംഘമാണ് പ്രതികളെ പിടികൂടിയത്.